ഇരയിമ്മൻ തമ്പി ശ്രീ ഗുരുവായൂരപ്പനെ സ്തുതിച്ചു രചിച്ച രണ്ടു മനോഹര കീർത്തനങ്ങളാണു കരുണചെയ്‌വാൻ എന്തു താമസം കൃഷ്ണായും അടിമലരിണ തന്നെ കൃഷ്ണാ അടിയനൊരവലംബവും.

**കരുണ ചെയ്‌വാനെന്തു താമസം കൃഷ്ണ!**

രാഗം ശ്രീരാഗം
താളം ചെമ്പട

പല്ലവി

കരുണ ചെയ്‌വാനെന്തു താമസം കൃഷ്ണ!
കഴലിണ കൈതൊഴുന്നേൻ

അനുപല്ലവി

ശരണാഗതന്മാർക്കിഷ്ടവരദാനം ചെയ്തു ചെമ്മേ
ഗുരുവായുപുരം തന്നിൽ മരുവുമഖില ദുരിതഹരണ! ഭഗവൻ !
കരുണ.......

ചരണങ്ങൾ

താരിത്തന്വി തലോടും ചാരുത്വം ചേർന്ന പാദം
ദൂരത്തിങ്ങിരുന്നോരോ നേരത്തിൽ നിനച്ചാലും
ചാരത്തങ്ങു വന്നുപചാരത്തിൽ സേവിച്ചാലും
പാരിൽത്തിങ്ങിന തവ പരമപൂരുഷ! ന ഖലു ഭേദമേതും
കരുണ....... 1

ഉരുതരഭവസിന്ധൗ ദുരിതസഞ്ചയമാകും
തിരതന്നിൽ മരുവുന്ന നരതതിക്കവലംബം
മരതകമണിവർണ്ണൻ ഹരിതന്നെയെന്നും തവ
ചരിതവർണ്ണനങ്ങളിൽ സകലമുനികൾ പറവതറിവനധുനാ
കരുണ....... 2

പിഞ്ഛഭാരമണിഞ്ഞ പൂഞ്ചികുരഭംഗിയും
പുഞ്ചിരിചേർന്ന കൃപാപൂർണ്ണകടാക്ഷങ്ങളും
അഞ്ചിതവനമാലാഹാരകൗസ്തുഭങ്ങളും
പൊൻചിലമ്പും പാദവും ഭുവനമഥന ! മമ ഹൃദി കരുതുന്നേൻ
കരുണ....... 3

ധാതാവാദിയാം ലോകത്രാതാവായുള്ള ഗുരു
വാതപുരവരനികേത! ശ്രീ പദ്മനാഭ!
പ്രീതി കലർന്നിനി വൈകാതെ കനിവിനോടെന്റെ
വാതാദിരോഗം നീക്കി വരദ! വിതര സകലകുശലമധികം
കരുണ....... 4

http://www.vaikhari.org

**അടിമലരിണതന്നെ കൃഷ്ണ!**

രാഗം മുഖാരി
താളം ചെമ്പട

പല്ലവി

അടിമലരിണതന്നെ കൃഷ്ണ! അടിയനൊരവലംബം

അനുപല്ലവി

കടൽമകളുടെ കുളുർമുലയിണ പുണരും കാർമുകിൽ വർണ്ണ!

ചരണങ്ങൾ

പരമദയാംബുനിധേ! കൃഷ്ണാ പാലിക്കണമെന്നെ
തിരുവുടലുടെ വടിവെപ്പൊഴുമെന്നുടെ ചിത്തേ തോന്നേണം
അടിമലരിണ.....1

അന്തകനണയൊല്ലാ കൃഷ്ണ! അതിനിത കൈതൊഴുന്നേൻ
നിന്തിരുവടി കൃപ ചെയ്യണം മയി നിത്യം ഗോവിന്ദ!

അടിമലരിണ.....2

ഗുരുവായുപുരേശ! കൃഷ്ണ! ഗുരുവായതു നീയേ
അറിയരുതടിയനു ഗുണവും ദോഷവുമരുളുക ശുഭമാർഗ്ഗം

അടിമലരിണ.....3

http://www.vaikhari.org